രാജേഷിന്റെ കൊലപാതക കേസിന്റെ അന്വേഷണം

41 (4647) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി എങ്കക്കാട് കീഴ്വേലി രാജേഷിന്റെ കൊലപാതക കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചത് എന്നാണ് എന്ന് വിശദമാക്കുമോ ;

(ബി) കേസന്വേഷണം ഇപ്പോൾ നടക്കുന്നില്ല എന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) കേസന്വേഷണത്തിൽ നിർണ്ണായക തെളിവുകളും സാക്ഷികളും ഉണ്ടായിട്ടും വർഷങ്ങളായി പ്രതികളെ കണ്ടെത്താനായില്ല എന്ന കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ ;

(ഡി) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 18-8-2006 മുതൽ കേസന്വേഷണം കാര്യക്ഷമമായി നടന്നു വരുന്നു.

(സി) കേസുമായി ബന്ധമുണ്ടെന്ന് സംശയിച്ച സതീശൻ എന്നയാൾ ആത്മഹത്യ ചെയ്തു. യഥാർത്ഥ പ്രതികൾ ആരാണ് / ആരൊക്കെയാണ് എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ലഭിക്കാവുന്ന മുഴുവൻ സാക്ഷികളും തെളിവുകളും ശേഖരിച്ച് ഗൗരവമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ രാജേഷ് കൊല്ലപ്പെട്ട കേസ് അന്വേഷണം

42 (4648) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് മണ്ഡലത്തിലെ ചെറുവത്തൂർ പഞ്ചായത്തിലെ മുലക്കാൽ രാജേഷ് കൊല്ലപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കൊലപാതകക്കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ഇതുവരെ ഏതെല്ലാം ഉദ്യോഗസ്ഥരാണ് കേസ് അന്വേഷിച്ചതെന്നും വിശദമാക്കുമോ ;

(സി) അന്വേഷണ ഉദ്യോഗസ്ഥരെ മാറ്റുന്നത് എന്തിനാണെന്നും കേസന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേസ് കോടതിയിൽ എപ്പോൾ സമർപ്പിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10-6-2007-ാം തീയതി 17.00 മണിക്കും 11-6-2007-ാം തീയതി കാലത്ത് 8.30 മണിക്കും ഇടയിൽ.

(ബി) 11-6-2007-ൽ കേസ് രജിസ്റ്റർ ചെയ്തു. ചന്തേര പോലീസ് സ്റ്റേഷനിലെ എസ്.ഐ.മാരായ സതീഷ്കുമാർ ആലക്കൽ, എം.പി. വിനോദ്, കാസർഗോഡ് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. ആയ കെ. പ്രകാശൻ, കാസർഗോഡ് ക്രൈം ബ്രാഞ്ച് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാരായ ജി. ബാലചന്ദ്രൻ, കെ. വി. വേണുഗോപാൽ, എം. കൃഷ്ണൻ, എം. വി. മണികണ്ഠൻ, എം. വി. സുകുമാരൻ, ക്രൈം ബ്രാഞ്ച് ഡി.എസ്.ഐ. പി.കെ. പ്രഭാകരൻ, കോഴിക്കോട് എച്ച്.എച്ച്.ഡബ്ല്യു. III-ലെ ഡി.ഐ. കെ. കെ. പി. ലക്ഷ്മണൻ, വി. ദേവരാജ് എന്നിവരാണ് കേസന്വേഷിച്ചത്.

(സി) ലോക്കൽ പോലീസിൽനിന്നും കേസന്വേഷണം 19-9-2007-ന് ക്രൈം ബ്രാഞ്ച് ഏറ്റെടുത്തിട്ടുള്ളതാണ്. അന്വേഷണോദ്യോഗസ്ഥൻമാർ സ്ഥലം മാറി പോകുന്ന മുറയ്ക്ക് മറ്റ് അന്വേഷണ ഉദ്യോഗസ്ഥൻമാർ കേസന്വേഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിന് നിയമോപദേശം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി കുറ്റപത്രം താമസംവിനാ സമർപ്പിക്കുന്നതാണ്.

ചർച്ചയ്ക്ക് വന്ന സംഘടനാപ്രവർത്തകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

43(4650) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശംഖുമുഖം "ദീപുനിവാസിൽ" ബാസ്ക്കറ്റ്ബാൾ താരം ദീപുവിനെ കാണാതായതു സംബന്ധിച്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ട് "വൈകുണ്ഠ സ്വാമി ധർമ്മ പ്രചാരസഭാ" പ്രവർത്തകർ തിരുവനന്തപുരം തഹസിൽദാരുമായി ചർച്ചയ്ക്ക് വന്നപ്പോൾ ഫോർട്ട് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ സംഘടനാ ചെയർമാൻ വിഷ്ണുപുരം ചന്ദ്രശേഖർ ഉൾപ്പെടെയുള്ളവരെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ടി പരാതിയിലെ അന്വേഷണം ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly